
# E_തളുകൾ



ലിറ്റിൽകൈറ്റ്സ്

ഡിജിറ്റൽ മാഗസിൻ -2018-19

ജി.എച്ച്.എസ് തൃക്കൈപ്പറ്റ

# ആശംസ

പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി
വിദ്യാലയങ്ങളിൽ ആരംഭിച്ചലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ
തൃക്കൈപ്പറ്റ ഗവ.ഹൈസ്കൂളിലെ വിദ്യാർഥികൾ ഡിജിറ്റൽ മാഗസിൻ
പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷം
രേഖപ്പെടുത്തുന്നു.ഡിജിറ്റൽ ലോകത്തിലെ_അനന്തവിഹായസിലേക്ക്
പറന്നുയരാൻ
സാധിക്കട്ടെ എന്ന് ആശംസിക്കുന്നു

കെ കെ സഹദ്

പ്രസിഡന്റ്, മേപ്പാടി ഗ്രമപഞ്ചായത്ത്

# ആശംസ

പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ ആരംഭിച്ചലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ  തൃക്കൈപ്പറ്റ ഗവ.ഹൈസ്കൂളിലെ വിദ്യാർഥികൾ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷം രേഖപ്പെടുത്തുന്നു.പുതു തലമുറയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

ചന്ദ്രശേഖരൻ തമ്പി

വിദ്യാഭ്യാസ സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർമാൻ,

മേപ്പാടി ഗ്രമപഞ്ചായത്ത്

# ആശംസ.

തൃക്കൈപ്പറ്റ ഗവ.ഹൈസ്കൂളിലെ വിദ്യാർഥികൾ ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷം രേഖപ്പെടുത്തുന്നു. മാഗസിൻ നിർമാണത്തിൽ പങ്കെടുത്ത എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ.സാങ്കേതികവിദ്യയിലും സർഗാത്മകതയിലും ഇനിയും ഏറെ ഉയരങ്ങളിലിലേക്ക് ചിറകടിച്ചുയരാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു

ഹെഡ്മിസ്ട്രസ്
അലീമ എം
ഗവ.ഹൈസ്കൂൾ തൃക്കൈപ്പറ്റ

# മുഖമൊഴി

വിദ്യാലയങ്ങൾ എന്നും സർഗാത്മകതയുടെ വിളനിലങ്ങളാണ്.കേവലം അക്കാദമിക പ്രവർത്തനങ്ങൾക്കപ്പുറം കലയും സാഹാത്യവും ഇന്ന് വിദ്യാർഥികൾക്ക് കൂട്ടായിക്കഴിഞ്ഞു.എന്നാൽ പതിവു കാഴ്ചകളിൽ നിന്ന് വ്യത്യസ്തമായി ചിറകുമുളച്ച സർഗഭാവനകൾക്ക് ഇവിടെ ഡിജിറ്റൽ അക്ഷരങ്ങൾ കൂട്ടാവുകയാണ്. ഡിജിറ്റൽ ലോകത്തിലെ അനന്തവിഹായസിലേക്ക് സുരക്ഷിത ചിറകുകൾ വിരിച്ച് പറന്നുയരാൻ വിദ്യാലയങ്ങളിൽ നിന്നും ലഭിച്ച ഈ അനുഭവം നിങ്ങൾക്ക് എന്നും തുണയാകും

എഡിറ്റർ

# ഉള്ളടക്കം

പുഴയ്ക്കും പറയാനുണ്ട് 9

മരിച്ചുകൊണ്ടിരിക്കുന്ന ഭൂമി 10

ഭൂമിതൻ വാക്കുകൾ 11

നീലക്കുറിഞ്ഞി പൂത്തപ്പോൾ........ 12

എന്റെ സൂര്യൻ 14

വായനയെക്കുറിച്ച് മഹാന്മാർ 15

ഏകു എനിക്കാശ്വാസം 16

കുളിർമഴ 18

എന്റെ മെട്രോ യാത്ര 19

ഉറവ് സന്ദർശനം –റിപ്പോർട്ട് 21

ഇനിയെത്രനാൾ 23

പ്രളയം––വരകളിലൂടെ 24

കുഞ്ഞുവരകൾ 27

ഫോക്കസ് 30

കുയിൽ 33

മഴ 34

പ്രകൃതിയുടെ തിരിച്ചടികൾ 35

"ദി ആൽക്കെമിസ്റ്റ് " 37

മഴ അനുഭവം 38

മട്ടാഞ്ചേരി സിനഗോഗ് –ഒരു വിസ്മയലോകം 39

കാവിന് കാവലായി കുഞ്ഞുകൈകൾ 40

ഇനിയെങ്കിലും കേൾക്കൂ 42

E–വർണ്ണം 43

മഴയ്ക്കൊരുകത്ത് 45

ചരിത്രശേഷിപ്പുകളുടനാട്ടിലേക്കൊരുയാത്ര

മാലിന്യമുക്തതൃക്കൈപ്പറ്റ 49

# *EDITORIAL BOARD*

**RAJESH P (KITE MASTER)**

**RAMLA TM (KITE MISTRESS)**

**DEVIKA A (KITE LEADER)**

**ANANTHU S (KITE LEADER)**

**MALAVIKHA M V (VIDHYARANGAM )**

**ALEX ABSIN**

**FIDHA SHERIN**

# പുഴയ്ക്കും പറയാനുണ്ട്

എന്ത് സുന്ദരി ആയിരുന്ന ഞാൻ \
എന്ത് ശാന്തതയായിരുന്ന എനിക്ക്
പക്ഷേ പ്രളയം എന്നെ വിരൂപയാക്കി
വെള്ളത്തെ കൊന്ന് ക്രൂദ്ധയാക്കി

എത്ര ശുദ്ധമായിരുന്ന എന്റെ ജലം
മനുഷ്യർ അതിനെ മലിനമാക്കി
മാലിന്യം തള്ളിത്തള്ളി എന്നെ മലിനമാക്കി
ഒരു തെറ്റും ചെയ്യാതെ എന്നെ നശിപ്പിച്ചു

എത്ര വലുതായിരുന്ന ഞാൻ
അതിനെ മനുഷ്യൻ വെട്ടി വെട്ടി ചെറുതാക്കി
ഞാനിപ്പോൾ വെറും കണ്ണാർപ്പുഴ
നിങ്ങൾ തൻ ദുഃഖവും പേറി ഒഴുകുന്ന



പക്ഷേ,കരകയറാമ നമുക്ക്
ഒത്തൊരുമിച്ച്
നമ്മുക്ക് ഒരുമിച്ച് നിന്ന്
വിഷമത്താൽ ഒഴുകിയൊഴുകി
വരുന്ന ഞാൻ,ഇനിയും നിങ്ങൾക്കായി മാത്രം



# മരിച്ചുകൊണ്ടിരിക്കുന്ന ഭൂമി



എന്തിനു ഭൂമി നീ സങ്കടപ്പെട്ടിരിക്കുന്നു
നിൻ മുഖത്തെന്തേ  സന്തോഷമില്ലാ........
സന്തോഷമാവാൻ നിനക്കെന്തുവേണം
എന്തിനീ മനുഷ്യർ  എന്നെ നശിപ്പിക്കുന്നു
എന്തിനീ മനുഷ്യർ എന്നെ
കൊല്ലാനൊരുങ്ങുന്നു...
ഞാനെന്തു തെറ്റുചെയ്തു.................

എൻ സങ്കടമിന്നാരു കേൾക്കാൻ !!!!!!
ഓഖിയ്ക്കും കാരണം മനുഷ്യനാണ്
പ്രളയത്തിനും കാരണം മനുഷ്യനാണ്.
എന്നെ വേദനിപ്പിച്ചതിന് ഞാൻ
നൽകിയ ശിക്ഷയാണീ ഓഖിയും പ്രളയവും

വേദന കൊണ്ട് പുളയുന്ന നേരത്ത്
കൊടും വേനലായ് ഞാൻ വരുന്നു........
ഞാനിതാ മരിച്ചു കൊണ്ടിരിക്കുന്നു മനുഷ്യമക്കളേ..........
എൻപുനർജന്മത്തിനു വേണ്ടിയിനി നന്മ ചെയ്യുവിൻ
ദുരന്തമില്ലാത്ത ജീവിതം പകരാം.........................
ഞാനുമാശംസിക്കുന്നു............................



# ഭൂമിതൻ വാക്കുകൾ



മർത്യനേ..........കാണൂ എൻ കണ്ണീർ
നിങ്ങൾതൻ ക്രൂരമാം  കണ്ണീർ
ശാന്തിതൻ ഇളം കാറ്റുവീശി
തുടങ്ങും മുൻപേ  ദുഃഖത്തിൻ
കൊടും വേനലാക്കി

എത്രനാളായി ഞാൻ ദുഃഖത്തിൻ
കയ്പ്പ് നുകരാൻ തുടങ്ങിയിട്ട്
ഇനി എന്നാവുമോ സന്തോഷത്തിൻ
മാധുര്യം നകരാൻ കഴിയുക

നിങ്ങൾ തൻ ക്രൂരതയുടെ ഫലമായി
നിങ്ങളനഭവിക്കുക ഇത്രയെങ്കിലും
എന്റെ മേൽനിക്ഷേപിച്ചതെല്ലാം
ഞാൻ തിരികെ നൽകുന്നിതാ.....

നിങ്ങളനഭവിക്കുന്നൊരീ
മഹാപ്രളയം............ജീവിതപ്രളയം
പുഴതൻരൂപം നിങ്ങൾ
കവർന്നെടുത്തതെന്തിന് ???
ഞാൻ എന്റെ രൂപം തിരിച്ചെടുക്കുന്നിതാ............
ഈ മഹാദുരന്തത്തിൽനിന്ന
കരകറുമ്പോഴെങ്കിലും നിർത്തുക നിൻക്രൂരത......
ശാന്തിതൻമാധുര്യം നുണഞ്ഞീടുക!!!!!!!



# നീലക്കുറിഞ്ഞി പൂത്തപ്പോൾ



ഒറ്റയ്ക്ക് കണ്ടാൽ ഒരു പ്രത്യേകതയുമില്ലാത്ത പൂവ്.സീസണിൽ ഇവ ഒരു പ്രദേശത്ത് വ്യാപകമായി പൂത്തുനിൽക്കുന്നത് ഹൃദ്യമായ കാഴ്ചയാണ്.നൂറ്റാണ്ടുകളായി മുറതെറ്റാതെ പന്ത്രണ്ടുവർഷത്തെ ഇടവേളകളിൽനീലക്കുറിഞ്ഞി പൂത്തുലയുന്നു. അത്യപൂർവ്വമായ കുറിഞ്ഞിയുടെ പൂവിടൽ ഓഗസ്റ്റിലാണ്. ഏതാണ്ട് മൂവായിരം ഹെക്ടറിൽ അധികം ഒരു പരവതാനി വിരിച്ചതുപോലെമൂന്നാർമലനിരകളെയാകെ മൂടി നിൽക്കുന്ന നീലക്കുറിഞ്ഞികൾ മനോഹരമായ കാഴ്ചയാണ്.1838-ലാണ്  നീലക്കുറിഞ്ഞികൾ 12 വർഷംകൂടുമ്പോൾ മാത്രമേ പൂക്കുകയുള്ളൂ എന്ന് കണ്ടെത്തിയത്. അവസാനമായി 2018-ലാണ് ഇത് പൂത.ഇവ പൂവിടുകയുംആ പൂവ് കായായി വിത്തിടുകയും ചെയ്യുന്നതോടെ ആ ചെടി നശിച്ചുപോകുന്നു.ഇങ്ങനെ ഒരിക്കൽ മാത്രം



പൂക്കുകയും പൂക്കുന്നതോടെ നശിക്കുകയും ചെയ്യുന്നതിനെ സെമെൽപാരി എന്നു



പറയുന്നു. ഈ പ്രതിഭാസം സംഭവിക്കുന്ന അപൂർവ്വം ചെടികളിൽ ഒന്നു മാത്രമാണ് നീലക്കുറിഞ്ഞി. നീലക്കുറിഞ്ഞിയുടെ പേരിൽ നിന്നാണ് നിലഗിരി ഉടലെടുത്തിരിക്കുന്നത്.നീലഗിരി കുന്നുകൾ,പളനിമലകൾ, മൂന്നാറിന് ചുറ്റുവട്ടത്തുള്ള ഹൈറേഞ്ച് മലകൾ എന്നിവിടങ്ങളിലുമാണ് കുറിഞ്ഞിച്ചെടികൾ  കാണുന്നത്.മൂന്നാറിൽ ഇരവികുളം ദേശീയോദ്യാനം ,കടവരി,കാന്തല്ലൂർ,കമ്പക്കല്ല് എന്നീ സ്ഥലങ്ങളിലും ഊട്ടിയിൽ**മുക്കുർത്തി ദേശീയോദ്യാനത്തിലെ മുക്കുർത്തി മലയിലും കുറിഞ്ഞി കാണപ്പെടുന്നു.**

**ദേവിക എ**

**9 A**

# എന്റെ സൂര്യൻ



സൂര്യാ കുട്ടാ പോകരുതെ
എന്നെ കൂടെ കൂട്ടാതെ
ആരു നിനക്കീ ചെമ്പട്ടേകി
ആരു നിനക്കീ നില നൽകി
ആരുണ്ടിവിടെ കഥ പറയാൻ
ആരുണ്ടിവിടെ ഉമ്മ തരാൻ
ആരുണ്ടിവിടെ  കളിയാടാൻ
ആകാശത്തിലെ അമ്പിളി മാമൻ
നിന്നോടൊപ്പം കൂട്ടലെ
ആകാശത്തിലെ മിന്നാമിന്നികൾ
നിന്നോടൊപ്പം കൂട്ടലെ
എന്നെ കൂടി കൂട്ടാമോ
*നിങ്ങടെയൊപ്പം കളിപ്പാനായ്*

*ആവണികൃഷ്ണ*

# വായനയെക്കുറിച്ച് മഹാന്മാർ

➔ വായനയിലൂടെ വളരുന്നില്ലെങ്കിൽ അവർ മനുഷ്യരേ അല്ല.മൃഗങ്ങളാണ്.
*വില്യം ഷേക്സ്പിയർ*

➔ ഇന്ന് വായിക്കുന്നവനാണ് നാളെയുടെ നേതാവ്.
*മാർഗരറ്റ് ഫുള്ളർ*


➔ മനസ്സിന്റെ രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന കലയത്രെ വായന
*ഫ്രാൻസ് കാഫ്ക*

➔ നല്ല പുസ്തകങ്ങൾ നമ്മുടെ ആത്മാവിൽ കടന്ന് നമ്മെ മനസ്സിലാക്കി തരുന്നു
*വില്ല്യം ഹാസ്‌ലിറ്റ്*

➔ വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും വായിച്ച് വളർന്നാൽ വിളയും വായിക്കാതെ വളർന്നാൽ വളയും
*കുഞ്ഞുണ്ണിമാഷ്*

➔ സമയം ചെലവഴിക്കണോ? വായിക്കുക.
*ബർണാഡ്ഷാ*

➔ വായനയെന്നത് വാക്കുകൾക്ക് മുകളിലൂടെയുള്ള നടത്തമല്ല.അവയുടെ ആത്മാവിനെ ഗ്രഹിക്കലാണ്.
*പൗലോ ഫ്രെയർ*



*അരുണ കെ ബി*

*V A*

# ഏകൂ എനിക്കാശ്വാസം



ഞരമ്പിലെ ചുടു ചോര വറ്റിത്തുടങ്ങിയെൻ
മക്കളാം പുഴകളെ നീയെടുത്തു.
എന്തിനു മനുഷ്യാ എന്തിനു വേണ്ടി നീ
എന്നെയീ കൊല്ലാക്കൊല ചെയ്തീടുന്നു.
(എന്തിനു)

എന്റെ ജീവനു വേണ്ടി ജീവശ്വാസമേകിയ
മാമരങ്ങൾ എന്തിനു നീ മുറിച്ചു.
പൊള്ളുന്ന ചൂടിൽ വിങ്ങുന്ന എന്നെ നീ
വീണ്ടെടുക്കാൻ ശ്രമിക്കാത്തതെന്തേ............
(എന്തിനു)

എന്റെ പതിയായ സൂര്യനെന്നോട്
നിൻ ക്രൂരതകളെ പറ്റി ചൊന്നിരുന്നു.
എന്നിട്ടുപോലും നിന്നെ സംരക്ഷിക്കാൻ
എൻ മടിത്തട്ടിൽ നിനക്കിടമേകി.
ചെറു തെറ്റു പോലും പൊറുത്തു കൊണ്ടു ഞാൻ
പൂർണ്ണ സ്വാതന്ത്ര്യം നിനക്കനുവദിച്ചു
എന്നിട്ടും.........................
(എന്തിനു )

നിന്റെ സ്വന്തം സോദരരെ
കൊല്ലുന്ന കാഴ്ച ഞാൻ
നേരിൽ കണ്ട് പൊട്ടിക്കരഞ്ഞു.
പതിയെ ധിക്കരിച്ചെന്ന പേരിൽ



എന്നെ പതി തന്നെ ചുട്ടെരിക്കാൻ തുടങ്ങി.
കരയുമ്പോൾ പോലും എൻ കണ്ണിൽ നിന്ന്
ഒരു തുള്ളി അശ്രുവുമുതിർന്നതില്ല

ദാഹജലമില്ലാത്ത എൻ പൂമേനി
വിണ്ടു വ്ണ്ടങ്ങു കീറാൻ തുടങ്ങി.
ദാഹജലമേകാതെ എന്റെ നെഞ്ചങ്ങു നീ
കാഴ്ച ബംഗ്ലാവുകൾ പണിതുയർത്തി.
എന്നിനിയും ദ്രോഹിക്കരുതേ............
എൻ മനസ്സിലെ മുറിവിന്
മരുന്നേകണേ.........................
എന്റെ മറ്റു മക്കളെക്കൂടി നീ
സംരക്ഷിക്കണേ...................



## കുളിർമഴ




പാടത്തൂടെ നടക്കുന്നേരം
വാടിയ ചെടികൾ കണ്ടു ഞാൻ
മേഘം മൂടിയ മാനം നോക്കി
മാടിവിളിച്ചു മഴയെ ഞാൻ
പൊടികൾ പറത്തിയണഞ്ഞു വേഗം
വീശിയടിക്കും കുളിർക്കാറ്റ്
ഇടിയുടെ ശബ്ദം കേട്ടൊരുനേരം
ഓടിയൊളിച്ചു വീട്ടിൽ ഞാൻ
കുടു കുടെ മഴയതു പെയ്തൊരു നേരം
മോടിയിലാടി ചെടിയെല്ലാം



*അഭിഷ*
*IIA*

## വർണ്ണച്ചിറകുള്ള പൂമ്പാറ്റേ....



**പൂന്തേനുണ്ണും പൂമ്പാറ്റേ....**
**പൂവിലിരിക്കും പൂമ്പാറ്റേ......**
**കുഞ്ഞുചിറകുള്ളപൂമ്പാറ്റേ.....**
**പാറി പറക്കും പൂമ്പാറ്റേ.....**
**എന്തൊരു ചന്തം നിന്നെ കാണാൻ.....**
**എന്നുടെ കൂടെ നീ വരുമോ.....**



അഭിയ II A

# എന്റെ മെട്രോ യാത്ര

*അനുഭവക്കുറിപ്പ്*



തീവണ്ടിയുടെ ചൂളം വിളിപോലും അന്യമായ വയനാട്ടുകാരിയായ എനിക്ക് കൊച്ചി മെട്രോ അവിസ്മരണീയമായ കുറെ അനുഭവങ്ങളാണ് സമ്മാനിച്ചത്. പഠനയാത്രയുടെ ഭാഗമായി നടത്തിയ മെട്രോയാത്ര മറക്കാനാവാത്ത ധാരാളം അനുഭവങ്ങൾ സമ്മാനിച്ചു.കൊച്ചി നഗരത്തിലെ ഒരു അതിവേഗറെയിൽ ഗതാഗതസംവിധാനമാണ് മെട്രോ.ഇന്ത്യയിലെ തന്നെ വലുപ്പത്തിൽ രണ്ടാമത്തെ ഈ മെട്രോ കൊച്ചിയെ ഏറെ സുന്ദരിയാക്കുന്നു.ഡൽഹി മെട്രോ നടത്തുന്ന ഡി.എം.ആർ.സി എന്ന സ്ഥാപനമാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനം നടത്തിയത്.ആലുവ മുതൽ പേട്ട വരെ 23 സ്റ്റേഷനാണ് മെട്രോയ്ക്ക് ഉള്ളത്.

ട്രെയിനിൽ കയറിയ എനിക്ക് കൊച്ചിയുടെ സൗന്ദര്യം ആസ്വദിക്കാനും,20 മിനിട്ട്



ട്രെയിനിൽ യാത്ര ചെയ്യാനും ഉള്ള ഭാഗ്യം ലഭിച്ചു.
വിശാലമായ ഇരിപ്പിടങ്ങൾ,ആകർഷണീയമായ ചിത്രങ്ങൾ,രണ്ടുവശത്തും കാഴ്ച്ചകൾ കാണാനായി. ഗ്ലാസിട്ട ജാലകങ്ങൾ ഇവയെല്ലാം ആകർഷണീയമായിരുന്നു.ഓരോ സ്റ്റേഷന്റെയുമ പേരുകളും ആകർഷണീയമായിതോന്നി.തലയുയരത്തിലെത്തി നിൽക്കുന്ന ഫ്ലാറ്റുകളും മറ്റു കെട്ടിടങ്ങളും ,കൊച്ചിയുടെ തിരക്കും,വിശാലമായ ആകാശവും എനിക്ക് ആസ്വദിക്കാൻ സാധിച്ചു.വൃത്തിയുടെ കാര്യത്തിലും ഏറെ മികച്ചുനിൽക്കുന്ന മെട്രോ.

അതുല്യഅശോക്
X



# ഉറവ് സന്ദർശനം –റിപ്പോർട്ട്

**മുളയിൽ വിരിഞ്ഞ വിസ്മയപ്രപഞ്ചം –ഉറവ്**



തൃക്കൈപ്പറ്റ ഗ്രാമവാസികൾ നെഞ്ചോടു ചേർത്തുനിർത്തിയ പേര്-ഉറവ്.ഇവിടെ മുളയിൽ വിരിയുന്ന വർണ്ണവിസ്മയങ്ങൾ .പ്ലാസ്റ്റിക്,ഫൈബർ ഉൽപ്പന്നങ്ങളെ കവച്ചുവെയ്ക്കുന്ന ദൃശ്യചാരുത സമ്മാനിക്കുന്ന വിവിധ നിർമിതികൾ.മുളന്തണ്ടുകൾ കൊണ്ടുണ്ടാക്കിയ സൈക്കിൾ ഏറെ ആകർഷകമായി.

സ്ഥാപനം,ആദ്യകാല പ്രവർത്തനങ്ങൾ:
1996-ൽ ചാരിറ്റബിൾ ട്രസ്റ്റായാണ് ഉറവ് പ്രവർത്തനം തുടങ്ങിയത്.മുള എന്ന പ്രകൃതിദത്ത വസ്തുവിനെ കേന്ദ്രസ്ഥാനത്ത് നിർത്തി പ്രകൃതിയിലേക്കൊരു തിരിച്ചുപോക്ക് നടത്തുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഉറവിന് തുടക്കം കുറിച്ചത്.മുള ഉൽപ്പന്നങ്ങൾ ഉണ്ടാക്കി പ്രദേശവാസികൾക്ക് തൊഴിൽ നൽകുന്ന ഒരു സ്ഥാപനം. 1997-ൽ തന്നെ കർഷകർക്ക് മുളത്തൈകൾ വിതരണം നടത്തി.ഇപ്പോൾ പല വില്ലേജുകളിലായി 18 യൂണിറ്റുകൾ



പ്രവർത്തിക്കുന്നു.അവിടേക്ക് വേണ്ട ടെക്നിക്കുകൾ രൂപപ്പെടുത്തുകയും മറ്റ് സഹായങ്ങൾ നൽകുകയും അവിടെ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ശേഖരിക്കുകയും അവയുടെ പ്രദർശനവും വിപണനവുമാണ് ഉറവിന്റെ മുഖ്യപ്രവർത്തനങ്ങൾ മുളകൊണ്ടുള്ള ഉൽപ്പന്നങ്ങളെകാലഘട്ടത്തിനനുസരിച്ച് നവീകരിക്കുന്നതോടൊപ്പം പരിസ്ഥിതി

സംരക്ഷണത്തിനും പ്രാധാന്യം നൽകുന്നു.ജലസംരക്ഷണത്തിന് മുള മുഖ്യപങ്ക് വഹിക്കുന്നു.മുളയുടെ ശാഖകളിൽതട്ടി വളരെ സാവധാനം ഭൂമിയിലേക്ക് പതിക്കുന്ന വെള്ളത്തുള്ളികൾ തെറിച്ചുപോകാതെ വേരുപടലങ്ങളിൽ തങ്ങിനിന്ന് സാവധാനം ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങുന്നു.



പുഴയോരത്തെ മുളകളുടെ വേരുകൾ കരയിടിച്ചിലിനെ തടയുന്നു.കൂടാതെ മുളങ്കൂട്ടങ്ങൾ ഉള്ള പുഴയോരങ്ങൾ നല്ല ഒരു ആവാസവ്യവസ്ഥയെ സൃഷ്ടിക്കുന്നു.മത്സ്യങ്ങളുടെ പ്രജനനത്തിന് മുളങ്കൂട്ടങ്ങളുടെ വേരുകൾ പ്രയോജനപ്പെടുത്തുന്നു.കൂടാതെ മുളങ്കൂട്ടങ്ങളിലെ പക്ഷികളും ശലഭങ്ങളും തൊട്ടടുത്ത കൃഷി സ്ഥലങ്ങളിലെ കീടനിയന്ത്രണത്തിൽ പങ്ക് വഹിക്കുന്നു

നാടൻ ശാസ്ത്രസാങ്കേതികപഠനകേന്ദ്

ഒരു സമൂഹത്തിൽ ധാരാളം നാടൻ അറിവുകളുണ്ടാകും.ഇത്തരം അറിവുകളെ സമാഹരിക്കുകയും സംരക്ഷിക്കുകയും കൈമാറുകയും ചെയ്യേണ്ടതുണ്ട്.ഉറവിൽ ധാരാളം പരമ്പരാഗത തൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.ചക്കമഹോത്സവം ഇത്തരം നാടൻ അറിവുകളുടെ കൈമാറ്റവേദി കൂടിയാണ്.തോടുകളുടെ സംരക്ഷണം,പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ,ബാംബൂ വില്ലേജ് മുതലായവയ്ക്ക് ഉറവ് നേതൃത്വം നൽകുന്നു.

മുള ഉപയോഗിച്ച് ചിലവ് കുറഞ്ഞ വീട് നിർമ്മാണം എന്ന ആശയത്തെ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.മോഡൽ വീടുകൾ പണിപ്പുരയിലാണ്.ഭൂകമ്പമേഖലകളിൽ നാശനഷ്ടങ്ങളുടെ തോത് കുറയ്ക്കാൻ ഇത്തരം വീടുകൾക്കാകും.മുളന്തണ്ടുകൾ കൊണ്ടുണ്ടാക്കിയ സൈക്കിൾ ഏറെ ആകർഷകമായി.



# ഇനിയെത്രനാൾ !!!!!!!!!



അവൾ പതിവു പോലെ അന്നും രാവിലെ ഓടി.ഓടിയാൽ അത്ര നേരമെങ്കിലും എന്റെ സങ്കടങ്ങൾ മാറ്റി വെക്കാമല്ലോ എന്നായിരുന്നു അവളുടെ ചിന്ത മുഴുവൻ. അവൾ ഓടിയോടിതളർന്നപ്പോൾ ഒരു വിശ്രമസ്ഥലത്ത് ഇരുന്നു.മെല്ലെ അവളുടെ കണ്ണുകൾ അടയാൻ തുടങ്ങി.അവൾ സ്വപ്നത്തിലേക്കലിയുകയായിരുന്നു. "ഒരു ഇരുട്ട് നിറഞ്ഞ പ്രദേശത്ത് അവൾ ഒറ്റക്ക് നിൽക്കുകയായിരുന്നു.ഒരു മിന്നാമിന്നിയുടെ വലുപ്പത്തിൽ ഒരു വെളിച്ചം അവൾ കണ്ടു.അവൾ അതിന്റെ അടുത്തേക്ക് പോയി. വളരെ അകലെയായിരുന്നുവത്.അടുക്കുന്തോറും വെളിച്ചം വലുതായി വരുന്നു.അവൾ അവിടെയെത്തി.അപ്പോൾ മുകളിൽ ഒരു പെൺകുട്ടി കയറിൽ കെട്ടി തൂങ്ങി നിൽക്കുന്നതാണവൾ കണ്ടത്.വളരെ ഉയരത്തിലായിരുന്നു അത്.താഴെ ഒരു കസേരയോ ഒന്നും തന്നെയില്ല."അവൾ ഞെട്ടിയുണർന്നു.അപ്പോഴാണവൾക്ക് മനസ്സിലായത് താൻ സ്വപ്നത്തിലായിരുന്നുവെന്ന്.അവൾ അവിടെയിരുന്ന് ചിന്തിച്ചു.തന്റെ ജീവിതവും ഇതുപോലെത്തന്നെയാണല്ലോ. "ദൈവമാണ് ഇങ്ങനെയോരോ സ്വപ്നങ്ങൾ കാട്ടിത്തന്ന് തന്റെ അസുഖത്തിന്റെ കാര്യം അവളെ ഓർമിപ്പിക്കുന്നത് ". അവൾ സ്വന്തമിരുന്ന് പറഞ്ഞു. അവൾ വീട്ടിലേക്ക് തിരിച്ച്പോയി.അവൾക്കൊരുമകളും ഭർത്താവുമുണ്ടായിരുന്നു.ഭർത്താവ് മരിച്ചു പോയി.മകളാണെങ്കിലൊ,ശരീരം മുഴുവൻ തളർന്നിരിക്കുന്ന ഒരു കുട്ടി. അവൾ വീട്ടിൽ പോയി വാതിൽ തുറന്ന് മകളുടെയടുത്ത് പോയി കുറച്ച് നേരമിരുന്നു.അവർ രണ്ടു പേരും ഒറ്റക്കാണാ വീട്ടിൽ താമസിക്കുന്നത്.അവൾ അവളുടെ അസുഖത്തിന്റെ കാര്യങ്ങളൊക്കെ മകളോടു പറയും. എന്നാൽ , മകൾക്കത് കേൾക്കാനോ പ്രതികരിക്കാനോ കഴിയില്ലല്ലൊ.ചിലപ്പോൾ അതു കൊണ്ടായിരിക്കാം അവളുടെ സങ്കടങ്ങൾ ആ വയ്യാത്ത മകളോട് പറയുന്നത് . അവൾ അടുക്കളയിൽ പോയി കുറച്ച് വെള്ളം കുടിച്ചു.വെള്ളം കുടിക്കെ മൊബൈലിൽ ഒരു വിളി വന്നു. തന്നെ ചികിത്സിക്കുന്ന ഡോക്ടറായിരുന്നുവത്. "പെട്ടെന്ന് തന്നെ ഹോസ്പിറ്റലിൽ വരുക ".എന്നായിരുന്നു ഡോക്ടർ പറഞ്ഞത്. ഞാൻ ഒന്ന് മൂളുക മാത്രം ചെയ്തു.മകളെ ഒന്ന് ശ്രദ്ധിക്കണേ എന്ന് അയൽ വാസിയോട് പറഞ്ഞ് അവൾ ആശുപത്രിയിലേക്ക് പോയി. "ഇതൊരു മാരകമായ രോഗമാണ് ".ഡോക്ടർ പറഞ്ഞു.അവളെ പരിശോധിച്ച ശേഷം പറഞ്ഞു "വേഗം ഒരു ഓപ്പറേഷൻ നടത്തണം.അല്ലെങ്കിൽ മരണത്തിനു വരെ സാധ്യതയുണ്ട്.നല്ല പണച്ചെലവുണ്ടാവും".ഞാൻ ഒന്ന് മൂളി കൊടുത്തു.തന്റെ ജീവിതത്തെ അവൾ ശപിച്ചു കൊണ്ടേയിരുന്നു.ഇനിയെത്ര കാലം ഞാനിങ്ങനെ ജീവിക്കും....... എന്റെ മോളുടെ കാര്യം.......ഇങ്ങനെ പല ചിന്തകളും അവളുടെ മുന്നിൽ വരുന്നുണ്ടായിരുന്നു. ഇനിയെത്ര നാൾ ഞാനിങ്ങനെ............................................


ഫിദ ഷെറിൻ

# പ്രളയം--വരകളിലൂടെ...










110








അനഘ ബാബു-IX





# കുഞ്ഞുവരകൾ (L P)

\





















# പ്രവേശനോത്സവം










## വായനാവാരാചരണം




## ലൈബ്രറി ഉദ്ഘാടനം



# The big canvas



# കുയിൽ



കൂ  കൂ  കൂ കുയിൽ അമ്മേ......
കൂകി വരുന്നൊരു കുയിലമ്മേ.....
പാട്ടുകൾ പാടും കുയിലമ്മേ........
എതിർപ്പാട്ടുപാടും കുയിലമ്മേ.......
നിന്നെ കാണാൻ എന്തൊരു ചന്തം.....
എന്നടെ കൂടെ പോരാമ

*MALAVIKA* **2**

# മഴ



മഴ മഴ മഴ മാനത്ത്
ഒരു മഴ ചെറു മഴ ചാരത്ത്
തുള്ളി വരുന്നൊരു മണിമുത്തേ
എന്നുടെ ചാരെ നീ വരും നേരം
നിന്നുടെ കൂടെ ഞാനെത്തും
ഹായ് !എന്തുരസം
തുള്ളി വരും ചാടി വരും പൂമഴ നീ!
തെന്നി വരും ചിതറി വരും മഴ നീ!
പൂമഴ തേൻമഴ പൊൻമഴ
മഴ ! മഴ !മഴ!

*ശിവഗംഗ കെ.എസ്*

# പ്രകൃതിയുടെ തിരിച്ചടികൾ




മനുഷ്യന്റെ ദുഷ്പ്രവൃത്തിയ്ക്ക് പ്രതിഫമായി പ്രകൃതി നൽകിയ തിരിച്ചടിയിലൂടെയാണ് ഇന്ന് കേരളം കടന്നുപോയിക്കൊണ്ടിരിക്കുന്നത് .മനുഷ്യൻ പ്രകൃതിയോട് ചെയ്ത ഓരോ പ്രവൃത്തിക്കും പ്രകൃതി ഇന്ന് ഓരോന്നായി കടം വീട്ടുകയാണ്.കാലാവസ്ഥയിലുണ്ടാകുന്ന വ്യത്യാസം മൂലം ഏറെ കഷ്ടപ്പാട് അനുഭവിച്ചിട്ടും എന്തുകൊണ്ടാണ്ദോഷമായി വരുമെന്ന് നാം

**ഇനിയെത്രനാൾപ്രളയം--വരകളിലൂടെകുഞ്ഞുവരകൾ** എന്താണ് ചിന്തിക്കാത്തത്???പ്രകൃതി നിലനിന്നാൽ നാമൊന്നും പഠിക്കാത്തത് ??? ഭൂമിയെ കാർന്നുതിന്നുന്ന രാക്ഷസന്മാരായി മാറിക്കഴിഞ്ഞിരിക്കുന്നു മനുഷ്യർ ഇന്ന്.

ഭൂമിയിൽ വേരുന്നിദോഷമായി വരുമെന്ന് നാം എന്താണ് ചിന്തിക്കാത്തത്???പ്രകൃതി നിലനിന്നാൽയ ഓരോ വൃക്ഷങ്ങളേയും അപ്പാടെ പിഴുതു കളയുന്നു.ഭൂമിയുടെ ഞരമ്പുകളായദോഷമായി വരുമെന്ന് നാം എന്താണ് ചിന്തിക്കാത്തത്???പ്രകൃതി നിലനിന്നാൽ ഓരോ കൈത്തോടുകളും മണ്ണിട്ടുനികത്തി കുഴിച്ചുമൂടുന്നു.മണ്ണിലേയ്ക്ക് വെള്ളം ഇറങ്ങാൻ  അനുവദിക്കാതെ എല്ലായിടത്തും ഇന്റർലോക്ക് ചെയ്യുന്നു.എങ്ങനെയെല്ലാം മനുഷ്യന് പ്രകൃതിയെ കാർന്നുതിന്നാൻകഴിയുമോ അങ്ങനെയെല്ലാം രക്തം ഊറ്റിക്കുടിക്കുന്ന രാക്ഷസന്മാരായിരിക്കുന്നു മനുഷ്യർ.ഇതിനു കാരണം കാലാവസ്ഥയിലുണ്ടാക്കിയ മാറ്റമാണ്.ഏറെ ദുരിതപൂർണ്ണമായ രീതിയിലേക്കാണ് നമ്മെക്കൊണ്ടെത്തിക്കുന്നത്.

മഴക്കാലങ്ങളിൽ മഴപെദോഷമായി വരുമെന്ന് നാം എന്താണ് ചിന്തിക്കാത്തത്???പ്രകൃതി നിലനിന്നാൽയ്യാതെ കൃഷികൾക്കെദോഷമായി വരുമെന്ന് നാം എന്താണ് ചിന്തിക്കാത്തത്???പ്രകൃതി നിലനിന്നാൽല്ലാം ഡാമുകളിൽനിന്ന് വെള്ളം തിരിച്ച് വേണ്ടത്തക്കവിധത്തിൽ കൃഷി ചെയ്യാൻ കഴിയാതെ വരുന്ന സാഹചര്യമാണ് ഇന്നു കാണാൻ കഴിയുന്നത്.നാം ചിന്തിക്കൂ ഇന്നലെകളിൽ നാം കടന്നുപോയ പ്രളയദുരന്തത്തെ.നാം പ്രകൃതിയെ നശിപ്പിച്ച് കെട്ടിപ്പൊക്കിയ ഓരോ നിർമ്മിതികളും പ്രതീക്ഷിക്കാതെ ഒറ്റനിമിഷത്തിൽ തകർന്നുപോയ ഒരവസ്ഥ.ഇതിനെല്ലാം കാരദോഷമായി വരുമെന്ന് നാം എന്താണ് ചിന്തിക്കാത്തത്???പ്രകൃതി നിലനിന്നാൽണം കാലാവസ്ഥയിലുണ്ടാക്കിയ മാറ്റമാണ്.

ക്രമരഹിതമായ കാലാവസ്ഥമാറി വരുന്നതുമൂലം പല രോഗങ്ങളും നമുക്കിന്ന് അനുഭദോഷമായി വരുമെന്ന് നാം എന്താണ് ചിന്തിക്കാത്തത്???പ്രകൃതി നിലനിന്നാൽവപ്പെടുന്നു.മഴക്കെടുതികൾ മൂലം പനി,എലിപ്പനി എന്നിവയും വേനൽക്കാലത്തുണ്ടാകുന്ന അതിശക്തമായ സൂര്യാഘാതവും മാധ്യമങ്ങളിൽക്കൂടി നാം കാണുന്നുണ്ട്.കാലാവസ്ഥയിലുണ്ടാദോഷമായി വരുമെന്ന് നാം എന്താണ് ചിന്തിക്കാത്തത്???പ്രകൃതി നിലനിന്നാൽക്കുന്ന മാറ്റം ഋതു വ്യത്യാസത്തിനും കാരണമാകുകാലാവസ്ഥയിലുണ്ടാക്കുന്ന മാറ്റങ്ങൾ മൂലം ഒരുപാട് പ്രശ്നങ്ങൾ നമ്മൾ ഇന്ന് അനുഭവിക്കുന്നു.ഇതിനെല്ലാം കാരണം മനുഷ്യർ തന്നെയാണ്.എന്തിനാണ് നാം ഇങ്ങനെ ചെയ്യുന്നത്??ഒരുനേരത്തെ സന്തോഷത്തിനു വേണ്ടി ചെയ്യുന്ന ഓരോ കാര്യവും പിന്നീട് നമുക്ക് ദോഷമായി വരുമെന്ന് നാം എന്താണ് ചിന്തിക്കാത്തത്??? പ്രകൃതി നിലനിന്നാൽ മാത്രമേ മനുഷ്യനും നിലനിൽപ്പുള്ളൂ എന്ന് എന്താണ് ഓർക്കാത്തത്???ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ജീവിക്കുന്നവരിൽ നൂറിൽ തൊണ്ണൂറ് ശതമാനം ആളുകളും വിദ്യാസമ്പന്നരാണ്.എന്നിട്ടുപോലും മനുഷ്യർചെയ്യുന്ന ഓരോ ഹീതപ്രവൃത്തികൾ എന്തുകൊണ്ടാണ് ആരും കാണാതെ പോകുന്നത്. ഒന്നോ ഒന്നിൽക്കൂടുതൽ പേരോ ചേർന്നാണ് പ്രകൃതി നശിപ്പിക്കുന്നതെങ്കിൽ അവർ തന്നെ ശ്രമിച്ചാൽ ഈ പ്രകൃതിയെ തിരിച്ചുകൊണ്ടുവരാൻ കഴിയില്ലേ???




അമ്മയെ പോലെയാണ് ഭൂമിയെ നാം കണ്ടിരുന്നത്.ആ അമ്മയോട് ഇങ്ങനെയെല്ലാം ചെയ്യുന്ന മനുഷ്യരുടെ മനസ്സ് എത്ര ക്രൂരമാണെന്ന് ചിന്തിച്ചുനോക്കൂ.....ഓരോ പരിസ്ഥിതി ദിനവും നാം കൊണ്ടാടുമ്പോൾ ഒരു തൈ നടും എന്ന് നമ്മൾ പ്രതിജ്ഞ ചെയ്യും.എന്നാൽ തൈകൾ നടുന്നുണ്ടെങ്കിലും വരും ദിവസങ്ങളിൽ ആ തൈയെ സംരക്ഷിക്കുന്നവർ ഇന്നീ ലോകത്ത് എത്ര മനുഷ്യർ കാണും.മനുഷ്യർ എത്ര അനുഭവിച്ചാലും മതിവരാത്തവരാണ്.സന്തോഷത്തിന്റെ ലോകം മാത്രം സ്വപ്നം കണ്ടുനടക്കുന്ന മനുഷ്യൻ ഇനിയെങ്കിലും പ്രകൃതിയുടെ ചെറിയ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻവഴിമാറിക്കൊടുക്കുക.ഇനി വരുന്ന തലമുറയ്ക്ക് കാലാവസ്ഥ കാരണമോ പ്രകൃതി കാരണമോ യാതൊരു പ്രശ്നവുമില്ലാതെ സന്തോഷത്തോടെ

ജീവിക്കാൻ നാം വഴിയൊരുക്കി കൊടുക്കേണ്ടതാണ്.

*സാനിയ ഔസേഫ്*

# "ദി ആൽക്കെമിസ്റ്റ് "




പുസ്തകപരിചയം മൂന്നു പതിറ്റാണ്ടുകളായി ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു നോവലാണ് ബ്രസീലിയൻ സാഹിത്യകാരനായ പൗലോ കൊയ്‌ലോ രചിച്ച " ദി ആൽക്കെമിസ്റ്റ്". 67 ഭാഷകളിലായി ആറരക്കോടി കോപ്പികൾ വിറ്റഴിഞ്ഞ ഈ ഗ്രന്ഥം "പ്രചോദനാത്മക ഗ്രന്ഥം" എന്ന പേരിലാണ് അറിയപ്പെടുന്നത്. 30 ഗ്രന്ഥങ്ങൾ രചിച്ചുവെങ്കിലും പൗലോ കൊയ്‌ലോയ്ക്ക് ആഗോളതലത്തിൽ ഖ്യാതി നേടികൊടുത്തത് "ദി ആൽക്കെമിസ്റ്റാണ് ". തീവ്രമായി ആഗ്രഹിക്കുന്ന കാര്യത്തിനായി ഇറങ്ങി പുറപ്പെട്ടാൽ ഈ പ്രപഞ്ചം പോലും സ്വപ്ന സാക്ഷാത്കാരത്തിനായി നിങ്ങളോടൊപ്പം ഉണ്ടാകുമെന്ന ആശയത്തിലൂന്നിയാണ് ഈ നോവൽ വികസിക്കുന്നത്.

ഇടയബാലനായ സാന്റിയാഗോ താൻ സ്വപ്നത്തിൽ ദർശിച്ച നിധി തേടി സ്പെയിനിൽ നിന്നും ഈജിപ്തിലേയ്ക്ക് യാത്ര തിരിക്കുന്നു.യാത്രക്കിടയിൽ കണ്ടുമുട്ടുന്ന വ്യത്യസ്തരായ വ്യക്തികളിൽ നിന്നും ലഭിക്കുന്ന അറിവുകളും അനുഭവങ്ങളും സാന്റിയാഗോയ്ക്ക് പുതിയ കാഴ്ചപ്പാടുകൾ സമ്മാനിക്കുന്നു. സാന്റിയാഗോ കണ്ടുമുട്ടി പരിചയപ്പെട്ട വൃദ്ധനായ ഒരു രാജാവും ഭാഗ്യാന്വേഷിയായ ഇംഗ്ലീഷുകാരനും അറബി പെൺകുട്ടിയുമൊക്കെ പങ്കുവച്ച ജീവിത യാഥാർത്ഥ്യങ്ങളാണ് വായനക്കാരെ പ്രചോദിതരാക്കുന്നത്. ഹൃദയത്തിൽ സൂക്ഷിക്കുന്ന സ്വപ്നങ്ങളെ പിന്തുടരുന്നവർക്ക് ഈ ഗ്രന്ഥം മാർഗദർശിയാണ്.

ലോകത്തിൽ ഏറ്റവും കൂടുതൽ വായിക്കപ്പെടുന്ന നോവലിസ്റ്റാണ് പൗലോ കൊയ്‌ലോ . *ഓരോ അന്വേഷണങ്ങളാണ് പൗലോ കൃതികൾ. ഓരോ തത്വങ്ങളും ലളിതമായി അവതരിപ്പിക്കുന്നത് അദ്ദേഹത്തിന്റെ സവിശേഷതകളാണ്. ഏത് പ്രതിസന്ധിയിലും ഈശ്വരൻ നമ്മെ കൈവിടില്ലായെന്ന വിശ്വാസം മുറുകെ പിടിക്കാൻ അദ്ദേഹത്തിന്റെ കൃതികൾ നമ്മെ പ്രേരിപ്പിക്കുന്നു.*

# മഴ അനുഭവം



ആകാശം കറുത്തിരുണ്ടു. മരങ്ങൾ ആടി ഉലയുന്നു.മിന്നലിന്റെ പ്രകാശം പേടിപ്പെടുത്തുന്നു.കനത്ത ശബ്ദത്തോടെയുള്ള ഇടിനാദം. വലിയ മഴയുടെ ആരംഭം. പേടിപ്പെടുത്തുന്ന ശബ്ദത്തോടെ മഴ പെയ്തിറങ്ങുന്നഞാൻ ആ കാഴ്ച നോക്കി നിന്നു. ആദ്യം നല്ല രസം തോന്നി. ഒരു കടലാസ് വഞ്ചി ഉണ്ടാക്കി ഒഴുക്കാൻ തുടങ്ങി.നോട്ട് ബുക്കിന്റെ പേജ് തീർന്നത് അറിഞ്ഞില്ല.അമ്മയുടെ അടികിട്ടിയ എനിക്ക് വിഷമെ തോന്നി.എന്റെ കടലാസ് തോണികൾ എങ്ങോട്ടോ ഒഴുകിപ്പോയി!!!!!!!!!!!!!!!

## വനം



പച്ചപ്പുതച്ച മലനിരകൾക്കടിയിൽ
സുന്ദര രൂപിയാം വനം.......
മാനത്തിൽ മുട്ടുന്ന തരുനിരകളും
ഉഗ്രരൂപിയാം നീരരുവികളും....
വാസനസൗരഭ്യം പകരും
നിശാപുഷ്പ്പങ്ങളും......
വിസ്മയമേറുന്ന ജീവജാലങ്ങളും....
തഴുകി വരുന്ന ഇളം കാററും.....
എന്നെ മോഹിപ്പിക്കുന്നു.....

ദേവശ്രീ
IV

# മട്ടാഞ്ചേരി സിനഗോഗ് -ഒരു വിസ്മയലോകം



യാത്രകൾ എന്നും ധാരാളം അനുഭവങ്ങൾ സമ്മാനിക്കുന്നവയാണ്. അറിവിന്റെ ലോകത്തേക്കായിരുന്നു എന്റെ വിദ്യാലയത്തിൽ നിന്നും ഈ വർഷം നടത്തിയ പഠനയാത്ര കൊച്ചിയിലെ ജൂതപ്പള്ളിയെക്കുറിച്ച്

വായിച്ചും കേട്ടും അറിഞ്ഞ ധാരാളം കഥകൾ ആ വിസ്മയമാന്ത്രികലോകം നേരിൽ കാണണമെന്ന് എന്റെ ഏററവും വലിയ ആഗ്രഹം സഫലമായി.കൊച്ചിയുടെ ചരിത്രത്തിൽ തെളിഞ്ഞുനിൽക്കുന്ന യഹൂദ സംസ്കാരത്തിന്റെ ഓർമ്മകൾ വാരി വിതറുന്ന ജൂതപ്പള്ളി എന്നെ ഏറെ ആകർഷിച്ചു.



പള്ളിക്കുമുൻപിലുള്ള ജൂതത്തെരുവ് , ആ സംസ്കാരത്തിന്റെ ഓർമ പൂത്തുനിൽക്കുന്ന ജൂതന്മാരുടെ കാൽ പാദങ്ങൾ പതിഞ്ഞ തെരുവുവീഥി,പിന്നീട് പള്ളിക്കകത്ത് പ്രവേശിക്കുമ്പോൾ ഒരു വിസ്മയ ലോകം തന്നെയാണ് നമ്മെ കാത്തിരിക്കുന്നത്. തൂങ്ങി കിടക്കുന്ന

അലങ്കാരവിളക്കുകൾ ,ആയിരം നക്ഷത്രങ്ങളെ ഉള്ളിലൊതുക്കിപ്പിടിച്ച പ്രതീതി.
മേൽക്കൂരയിൽ പതിപ്പിച്ച ടൈലസുകൾ.
ഒററ നോട്ടത്തിൽ ഒരുപോലെയെന്നതോന്നിക്കുമെങ്കിലും എല്ലാം വ്യത്യസ്തങ്ങളാണ്.സന്ദർശകർക്കായി ധാരാളം അറിവുകൾ അവിടെ തയ്യാറാക്കപ്പെട്ടിട്ടുണ്ട്.ഇപ്പോൾ അവിടെ ജൂത കുടുംബങ്ങൾ മാത്രമേയുള്ളൂ എന്ന് ഗൈഡ് പറഞ്ഞു. ആഴ്ചയിൽ രണ്ട് ദിവസം മാത്രമേ പള്ളിയിൽ ആരാധനയുള്ളൂ. സന്ദർശകർക്ക് ചൊവ്വ , ശനി ദിവസങ്ങളിൽ പ്രവേശനമുണ്ട്.

കാലങ്ങൾ ഏറെ കഴിഞ്ഞിട്ടും പഴമയുടെ പുതുമ നിലനിൽക്കുന്ന ഈ വലിയ ഡച്ചുകൊട്ടാരം മനസ്സിൽ മായാതെ നിൽക്കുന്നു.ഒപ്പം വായിച്ചറിഞ്ഞതും കേട്ടറിഞ്ഞ കഥകൾക്ക് ഒരു ഉത്ഭവസ്ഥാനം മനസ്സിൽ പ്രതിഷ്ഠിക്കപ്പെട്ടു.




സാനിയ ഔസേഫ്

# കാവിന് കാവലായി കുഞ്ഞുകൈകൾ



•തൃക്കൈപ്പറ്റ ശിവക്ഷേത്ര പരിസരത്തെ കാവ് സംരക്ഷണ പ്രവർത്തനങ്ങൾ ചന്ദ്രശേഖരൻതമ്പി ഉദ്ഘാടനംചെയ്യുന്നു.

തൃക്കൈപ്പറ്റ: പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് തൃക്കൈപ്പറ്റ ഗവ.ഹൈസ്കൂളിലെ പരിസ്ഥിതിക്ലബിന്റെ നേതൃത്വത്തിൽ തൃക്കൈപ്പറ്റ ശിവക്ഷേത്ര പരിസരത്ത് കാവ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി. വിദ്യാർഥികൾ കാവിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും കാവിലെ ജൈവവൈവിധ്യം നിരീക്ഷിക്കുകയും ചെയ്തു.



"മനുഷ്യരേ എനിക്കു തണലായ് നിന്ന
മരങ്ങൾ നീ വെട്ടി നശിപ്പിച്ചില്ലയോ?
എന്തിനു നീ ഇങ്ങനെയാ ക്രൂരത
എന്നോടു തന്നെ ചെയ്തു"

(മനുഷ്യരേ....)

"എന്റെ ശരീരത്തിൽ ജീവിക്കാൻ
ഇടം തന്നതാണോ ഞാൻ ചെയ്ത തെററ്?
പറയൂ സോദരരെ എന്തിനീ ചതി
എന്നോടു ചെയ്തു?

(മനുഷ്യരേ....)

'

'ഈ കൊടും ചൂടിൽ നിൻ ക്രൂരതകളാൽ
എൻ അവയവങ്ങളെല്ലാം ചുരുങ്ങിപ്പോയി
എൻ ശരീരത്തിലൂടെ ഒഴുകുന്ന
നദികളും വററിയുണങ്ങി"


(മനുഷ്യരേ....)

"ഒരമ്മയുടെ ആശ്രയമായല്ലെ മനുഷ്യരേ
ഞാൻ എൻ മടിയിൽ തലചായ്ക്കാൻ ഇടം തന്നത്
നിർത്തു സോദരരേ എന്നോടുളള


ഈ കൊടും ക്രൂരത "

## E വർണ്ണം'









# മഴയ്ക്കൊരു കത്ത്



തൃക്കൈപ്പറ്റ
4 /1/2019

പ്രിയപ്പെട്ട മഴേ,

നീ എന്താണ് ഇങ്ങോട്ട് വരാത്തത് . നീന്റെ വരവ് കാത്തിരിക്കുകയാണ് ഞാൻ നീ വന്നാൽ എനിക്ക് സന്തോഷമാണ്
നീ കഴിഞ്ഞപ്രാവശ്യം വന്നപ്പോലെ ആർത്തലച്ച്പെയ്തിറങ്ങരുത്.
അത് ഈ ഭൂമിയിലുള്ള എല്ലാവർക്കും ദുരിതമാണ് നൽകുക. നീ എത്ര-എത്ര വീടുകളും ഫ്ലാറ്റുകളുമാണ് കൊണ്ടുപോയത്. നീ ഇല്ലെങ്കിൽ
ഞങ്ങൾക്ക് ജീവിക്കാനവില്ല. എങ്കിലും നീ ആവിശ്യത്തിന് പെയ്യുകയും വേണം നീ വരുമെന്ന് ആഗ്രഹിച്ച് എത്ര പേർ കാത്തു-
നിൽക്കുന്നുണ്ട് എന്ന് അറിയാമോ നിന്റെ കൂടെ കളിക്കാൻ ഞാൻ
കാത്തിരിക്കുന്നു. നീ ഉടനെ വരുമെന്ന് പ്രതീക്ഷയോടെ

സ്നേഹപൂർവ്വം
നിന്റെ കൂട്ടുകാരി
*ഫാത്തിമത്തുൽ നാസ്വിഹ*

# ചരിത്രശേഷിപ്പുകൾ ഉറങ്ങുന്ന മണ്ണിലേക്കൊരു യാത്ര

യാത്രാനുഭവം



പടിഞ്ഞാറൻ ചക്രവാളത്തിൽ സൂര്യൻ മറഞ്ഞപ്പോഴാണ് ഞങ്ങൾ യാത്ര ആരംഭിച്ചത്. ബ്ലാക്ക് ബെറിയിൽ ഇരുന്നുകൊണ്ട് തണുപ്പിനെ കൂട്ടുപിടിച്ച് ഞങ്ങൾ വയനാടൻ ചുരമിറങ്ങി.ചുരത്തിൽ നിന്നു താഴേക്കു നോക്കിയപ്പോൾ വാനിൽ നിന്നും നക്ഷത്രങ്ങൾ മണ്ണിലേക്കുതിർന്നപ്പോലെ രാത്രി വിളക്കുകൾ തിളങ്ങി നിന്നു.പുലർച്ചെ ഞങ്ങൾ കാലുക്കുത്തിയത് എറണാകുളത്തെ മണ്ണിലായിരുന്നു. ഒരു ഹോട്ടലിൽ കയറി കുളിച്ച് പ്രഭത
ഭക്ഷണം കഴിച്ച ശേഷം ഞങ്ങൾ എറണാകുളത്തിന്റെ ഹൃദയ ഭാഗമായ കൊച്ചിയിലെത്തി.ഇ.ശ്രീധരന്റെ അത്ഭുത സൃഷ്ടിയായ കേരളത്തിന്റെ ആദ്യ മെട്രോയിൽ ഞങ്ങൾ യാത്രച്ചെയ്തു.

എല്ലാവരിലും ആകാംക്ഷ ഉളവാക്കിയ ഒരു യാത്രയായിരുന്നു അത്.പിന്നീട് ഞങ്ങൾ കൊച്ചി രാജാക്കന്മാരുടെ ഭരണത്തിന് സാക്ഷ്യം വഹിച്ച തൃപ്പൂണിത്തുറ കൊട്ടാരത്തിലേക്കാണ് പോയത്.അവിടം ഭരിച്ച രാജാക്കന്മാരുടെ ഓർമ്മകൾ ഓരോ ചുമരിലും പ്രതിഫലിച്ചിരുന്നു.കൊട്ടാരത്തിലെ ചില സ്ഥലങ്ങൾ കണ്ടപ്പോൾ "മണിച്ചിത്രത്താഴ് "എന്ന ചലച്ചിത്രത്തിന്റെ
രംഗങ്ങൾ എനിക്കോർമ്മ വന്നു.അന്നത്തെ നിർമ്മിതികൾ എന്നെ അത്ഭുതപ്പെടുത്തി.ഉച്ചഭക്ഷണത്തിന് ശേഷം അറബിക്കടലിന്റെ റാണിയായ കൊച്ചിയിലെ മറൈൻ ഡ്രൈവിലേക്ക് ഞങ്ങൾ യാത്ര തിരിച്ചു.കായൽക്കാറ്റും നങ്കൂരമിട്ട കപ്പലുകളും സഞ്ചാരികളെ കാത്തുക്കിടക്കുന്ന ബോട്ടുകളും ഞങ്ങളേവരേയും സ്വാഗതം ചെയ്തു.



എന്റെ കണ്ണുകളെ ആകർഷിക്കാനായി നിരവധി വഴിയോരക്കച്ചവട സാധനങ്ങളും അവിടെയുണ്ടായിരുന്നു. പിന്നീട് രണ്ടു നിലയുള്ള ഒരു ബോട്ടിൽ കയറി.ഞങ്ങൾ അറബിക്കടലിന്റെ റാണിയുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ടുള്ള വേമ്പനാട്ടുകായലിലൂടെയുള്ള ആ യാത്ര ഏറെ ആസ്വാദ്യകരമായിരുന്നു.
ബോൾഗാട്ടി ദ്വീപും കണ്ടൽക്കാട്ടുകൾ നിറഞ്ഞ വല്ലാർപ്പാടംദ്വീപും കണ്ണിനുകളിർമ്മ നൽകുന്ന കാഴ്ചയായിരുന്നു.വെല്ലിങ്ടൺദ്വീപ് ആദ്യ മനുഷ്യനിർമ്മിത ദ്വീപാണെന്നുള്ള ഒരു പുതിയഅറിവും അന്നെനിക്കു ലഭിച്ചു.
 ഇന്ത്യൻ നാവികസേനയുടെ മനോഹരമായ ആകാശപ്രകടന ങ്ങൾക്കും ഞങ്ങൾ സാക്ഷിയായി.എന്റെ കുഞ്ഞനുജത്തിക്കായി ഒരു പാവയും വാങ്ങി ഞങ്ങൾ അവിടെ നിന്നും തിരിച്ചു.രാത്രി ഭക്ഷണം കഴിച്ച് ലുലുമാൾ എന്ന മായാലോകത്തിലെ കാഴ്ചകൾ കണ്ട് ഞങ്ങൾ മടക്കയാത്ര ആരംഭിച്ചു.ഈ വിനോദയാത്ര ഒട്ടേറെ അവിസ്മരണീയ ഓർമ്മകളാണ് എനിക്ക്സമ്മാനിച്ചത്.



മാളവികഎം വി---VIIIA

# *Wonderfulland*

*THAILAND*


JAPPAN

CHINA

CHINA

PAKISTHA

BHOOTAN



# മാലിന്യമുക്തഗ്രാമം-തൃക്കൈപ്പറ്റ

# Plastic free thrikkaipetta







9961017729



# നന്ദി ......